LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസർ രോഗചികിത്സാ സൗകര്യം

195 (4920) ശ്രീ. ഷാഹി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ആശുപത്രിയിൽ നിലവിലുള്ള ക്യാൻസർ രോഗ ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ജില്ലാ ക്യാൻസർ കെയർ പദ്ധതി പ്രകാരം പാലക്കാട് ജില്ലാ ആശുപത്രിയിലും ഒറ്റപ്പാലം താലൂക്കാശുപത്രിയിലുമാണ് ക്യാൻസർ ചികിത്സ നൽകിവരുന്നത്. ഇതിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ രോഗ ചികിത്സാ വിഭാഗത്തിൽ രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ജോലി ചെയ്തുവരുന്നു. ഇവിടെ ആഴ്ചയിൽ രണ്ട് ദിവസം പ്രവർത്തിക്കുന്ന ക്യാൻസർ ഒ.പി വിഭാഗവും 10 കിടക്കകളുള്ള ഐ.പി. വിഭാഗവും നിലവിലുണ്ട്. കീമോ തെറാപ്പിക്കായി 10 കിടക്കളുണ്ട്. പ്രതിമാസം 400 മുതൽ 500 രോഗികൾക്ക് വരെ കീമോ തെറാപ്പി നൽകിവരുന്നുണ്ട്. കീമോ തെറാപ്പിക്ക് പുറമെ ക്യാൻസർ അനുബന്ധ ചികിത്സകളും ക്യാൻസർ രോഗ നിർണ്ണയവും ഈ കേന്ദ്രത്തിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) ഇവ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ പരിഗണിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സയ്ക്കായി ഒരു പ്രത്യേക ബ്ലോക്ക് സജ്ജീകരിക്കുന്നുണ്ട്.

വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രം

196 (4921) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തുകോടി രൂപ ചെലവിൽ ആധുനിക രീതിയിൽ പണികഴിപ്പിച്ച കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിൽ, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആർദ്രം മിഷൻ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി വാഴക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുക്കുകയും, വി.പി.എസ്. ഹെൽത്ത് കെയർ എന്ന സംഘടന വഴി സ്ഥാപനത്തിന് ആധുനിക രീതിയിൽ ഒരു കെട്ടിടം പണിത് നൽകുകയും രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് നിലവിൽ സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി ആർദ്രം പദ്ധതി